# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 09 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പ്രളയ പുനരധിവാസ ധനസഹായം: 118 ഗുണഭോക്താക്കളുടെ തടസ്സം നീക്കി

2018 ലെ പ്രളയാനന്തര പുനർനിർമ്മാണവുമായ ബന്ധപ്പെട്ട നടന്ന അദാലത്തിൽ 118 ഗുണഭോക്താക്കളുടെ ധനസഹായ വിതരണത്തിനുള്ള തടസ്സങ്ങൾ നീക്കി ഉത്തരവായി. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ നേതൃത്വത്തിൽ ജില്ലാ ആസൂത്രണഭവൻ ഹാളിൽ അദാലത്ത് വിളിച്ച് ചേർത്തത്. ധനസഹായ വിതരണത്തിനായി അവശേഷിക്കുന്ന 265 ഗുണഭോക്താക്കളുടെ യോഗമാണ് വിളിച്ചത്. ഇതിൽ 177 ഗുണഭോക്താക്കൾ ഹാജരായി. വീടുകൾക്ക് പൂർണ്ണനാശം സംഭവിച്ച പുറമ്പോക്കിൽ കഴിയുന്ന 17 കുടുംബങ്ങൾക്ക് സർക്കാർ അനുവദിച്ച മാന്ദാമംഗലം വില്ലേജിലെ ഭൂമിയിൽ സ്വന്തമായി വീടു നിർമ്മിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാർ ധനസഹായത്തോടൊപ്പം ജില്ലാ ഭരണകൂടത്തിന്റെ സഹായവും ചേർത്ത് വീടുകൾ നിർമ്മിച്ച് നൽകും. തൃശൂർ താലൂക്കിൽ ചിയ്യാരം വില്ലേജിലെ നാരായണക്കാട്ടിൽ തങ്കയുടെ വീട് പുനർനിർമ്മിക്കാനുള്ള അനുമതി വേഗം നൽകാൻ തൃശൂർ കോർപ്പറേഷൻ സെക്രട്ടറിക്കും നിർദ്ദേശം നൽകി. ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഡോ. സി റെജിൽ, മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ: താലൂക്ക്, കേസുകൾ, ഹാജരായവർ, തീർപ്പായവർ, ബാക്കി ആകെ എന്ന ക്രമത്തിൽ. ചാലക്കുടി-52, 35, 19, 33. ചാവക്കാട്-13 7, 3, 10. കൊടുങ്ങല്ലൂർ-27, 17, 11, 16. കുന്നംകുളം-4,-,-,4. മുകുന്ദപുരം-52, 39, 33, 19. തലപ്പിള്ളി-30, 20, 7, 23. തൃശൂർ-87, 59, 45, 42. ആകെ 265, 177, 118, 147.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ നടന്ന പുനരധിവാസ അദാലത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് പരാതി പരിശോധിക്കുന്നു.***

## ദുരിതകാലത്തിന് വിട; ചക്കിക്ക് ഇനി വീടുയരും

ഒരിക്കൽ തീയും പിന്നീട് വെള്ളവും വിഴുങ്ങി കൂര നഷ്ടപ്പെട്ട പുതുക്കാട് തെക്കേത്തൊറവ് വില്ലേജിലെ 81 കാരി ചക്കിക്കും മാനസിക ദൗർബല്യമുള്ള മകൻ സുബ്രനും ഒടുവിൽ വീട് ലഭിക്കുമെന്ന് ഉറപ്പായി. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ നേതൃത്വത്തിൽ തൃശൂർ ജില്ലാ ആസൂത്രണഭവൻ ഹാളിൽ നടന്ന പുനരധിവാസ അദാലത്തിലാണ് തടസങ്ങൾ പരിഹരിച്ച് വീടിനും ഉള്ള ധനസഹായം ലഭ്യമാക്കിയത്.

തെക്കേത്തൊറവ് ദേശത്ത് മുല്ലത്തൊടി വീട്ടിൽ കുറുമ്പൻ ഭാര്യ ചക്കിയുടെ വീട് 2014 ഡിസംബർ 9 ന് ഉണ്ടായ തീപിടുത്തതിൽ പൂർണ്ണമായി കത്തിനശിച്ചിരുന്നു. പിന്നീട് ഒരു ടെന്റ് കെട്ടി കഴിഞ്ഞുവരവേയാണ് 2018 ലെ പ്രളയം കിടപ്പാടം വീണ്ടും മുക്കിക്കളഞ്ഞത്.

ദുരിതാശ്വാസക്യാമ്പിലെ താമസത്തിന് ശേഷം മടങ്ങിയെത്തിയ ചക്കിയും 41 വയസുക്കാരനായ മകൻ സുബ്രനും താൽക്കാലികമായി കെട്ടിമറച്ചുണ്ടാക്കിയ ഒരു ഷെഡിലാണ് കഴിഞ്ഞിരുന്നത്. ഇവരുടെ ഒന്നര സെന്റ് സ്ഥലത്തിന് പട്ടയമോ മറ്റ് അവകാശ രേഖകളോ ഇല്ല. അതിനാൽ തന്നെ പ്രളയദുരിത ബാധിതർ എന്ന ഗണത്തിൽ സർക്കാർ അനുവദിച്ച 4 ലക്ഷം രൂപ ഉപയോഗിച്ച് വീട് നിർമ്മിക്കാനും കഴിഞ്ഞില്ല. ഈ ദു:സ്ഥിതിക്കാണ് അദാലത്തിൽ പരിഹാരമായത്. ചക്കിയുടെ മകൾ രമണിയേയും അദാലത്തിലേക്ക് വിളിപ്പിച്ചിരുന്നു. വീട് നിർമ്മിച്ചു നൽകിയാൽ ചക്കിയുടെ മകൻ സുബ്രനേയും പരിപാലിച്ചു കൊള്ളാമെന്ന മകൾ രമണിയുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് അനുമതി നൽകി. പ്രളയബാധിതർക്കുള്ള ധനസഹായമായ 4 ലക്ഷം രൂപ രമണിക്ക് നൽകാനും അദാലത്തിൽ തീരുമാനമായി.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലാ ആസുത്രണ ഭവൻ ഹാളിൽ നടന്ന പുനരധിവാസ അദാലത്തിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് ചക്കിയുടെ പരാതി പരിശോധിക്കുന്നു.***

## കേരളോത്സവം 2019: ജനപങ്കാളിത്തം കൊണ്ടും സംഘാടക മികവ് കൊണ്ടും ഏറെ ശ്രദ്ധേയമായി

തൃശൂർ ജില്ലാ പഞ്ചായത്തും സംസ്ഥാന യുവജന ക്ഷേമ ബോർഡും നേതൃത്വം നൽകിയ കേരളോത്സവം 2019 ജന പങ്കാളിത്തം കൊണ്ടും സംഘാടക മികവ് കൊണ്ടും ഏറെ ശ്രദ്ധേയമായി. യുവത്വത്തിന്റെ കലാ കായിക സാംസ്കാരിക സംഗമ വേദിയായ കേരളോത്സവത്തിൽ 16 ബ്ലോക്ക് പഞ്ചായത്തുകൾ, 7 മുനിസിപ്പാലിറ്റികൾ, തൃശൂർ കോർപറേഷൻ എന്നിവിടങ്ങളിൽ നിന്നായി 5000 ത്തോളം കലാ കായിക പ്രതിഭകൾ മാറ്റുരച്ചു. ജില്ലയിലെ മന്ത്രിമാർ, ഗവ ചീഫ് വിപ്, മറ്റു ജന പ്രതിനിധികൾ, കലാ കായിക സിനിമ സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ എന്നിങ്ങനെ ഒട്ടേറെ പേർ ഈ മഹാപരിപാടിയുടെ ഭാഗമായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ചെയർമാൻ ആയ സംഘാടക സമിതിയുടെ കുറ്റമറ്റ പ്രവർത്തന വൈഭവം കൊണ്ട് ഈ കലോത്സവമേള ശ്രദ്ധ നേടി. ഗവ എഞ്ചിനീയറിംഗ് കോളേജിൽ നടന്ന കായിക മത്സരങ്ങളുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ നിർവഹിച്ചു. സ്റ്റേജിതര മത്സരങ്ങളുടെ ഉദ്ഘാടനം പ്രൊഫ. കാവുമ്പായി ബാലകൃഷ്ണൻ, കലാ മത്സരങ്ങളുടെ ഉദ്ഘാടനം ഗവ ചീഫ് വിപ് അഡ്വ. കെ രാജൻ, എന്നിവർ നിർവഹിച്ചപ്പോൾ ബാനർജി ക്ലബ്ബിൽ വൻ ജന സമൂഹത്തെ സാക്ഷിയാക്കി സമാപന സമ്മേളനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് നിർവഹിച്ചു. പ്രശസ്ത സിനിമ താരം അപർണ ബാലമുരളി വിശിഷ്ട അതിഥിയായി. 9 നാൾ നീണ്ടു നിന്ന ഉത്സവമേളക്ക് കൊടിയിറങ്ങിയപ്പോൾ 405 പോയിന്റോടെ പുഴയ്ക്കൽ ബ്ലോക്ക് ഓവർ ഓൾ കിരീടം നേടി. 272 പോയിന്റോടെ തൃശൂർ കോർപറേഷൻ രണ്ടാം സ്ഥാനവും, 202 പോയിന്റ് നേടി അന്തിക്കാട് ബ്ലോക്ക് മൂന്നാം സ്ഥാനവും സ്വന്തമാക്കി. തളിക്കുളം ബ്ലോക്കിലെ കൊച്ചു മിടുക്കി ദേവി കൃഷ്ണ കലാതിലക പട്ടം നേടി. പുഴയ്ക്കൽ ബ്ലോക്കിലെ കിരൺ കെ കെ കലാപ്രതിഭയും ആയി.വിധി നിർണയത്തിലെ സൂക്ഷ്മത അപ്പീലുകൾ കുറക്കാൻ സഹായിച്ചു. നഗരത്തിലെ വിവിധ വേദികളിൽ നടന്ന ഉത്സവത്തിൽ പങ്കെടുത്ത എല്ലാവർക്കും കുടുംബശ്രീ സഹായത്തോടെ ഭക്ഷണം, കുടിവെള്ളം, മറ്റു സൗകര്യങ്ങൾ എല്ലാം ഒരുക്കുന്നതിൽ സംഘടകർ മികവ് പുലർത്തി. പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിക്കാൻ കഴിഞ്ഞതും എടുത്തു പറയേണ്ടതാണ്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശ്, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ എം പദ്മിനി ടീച്ചർ, ജെന്നി ജോസഫ്, മഞ്ജുള അരുണൻ, കെ ജെ ഡിക്സൺ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്ഷീല വിജയകുമാർ, വിവിധ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പി ആർ ശ്രീകല എന്നിവരുടെ നേതൃത്വപരമായ ഇടപെടലും മേളയെ അർത്ഥവത്താക്കി.

***ഫോട്ടോ അടിക്കുറിപ്പ്: കേരളോത്സവത്തിൽ വിജയികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ട്രോഫി വിതരണം ചെയ്യുന്നു.***

## ഉപതെരഞ്ഞെടുപ്പ്: അവധി പ്രഖ്യാപിച്ചു

തൃശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ പൊങ്ങണംകാട്, മുല്ലശ്ശേരി പഞ്ചായത്തിലെ താണവീഥി വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിൽ ഈ വാർഡുകളുടെ പരിധിയിൽപ്പെടുന്ന പൊതുവിദ്യാഭ്യാസ ഡയക്ടറുടെ രണ്ടാം പാദവാർഷിക കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെ എല്ലാ വിദ്യാഭ്യാസ സ്ഥാപന

ങ്ങൾക്കും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ഉപതിരഞ്ഞെടുപ്പ് ദിവസമായ ഡിസംബർ 17 ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പാദവാർഷിക കലണ്ടർ പ്രകാരം പരീക്ഷ നടക്കുന്നതും പോളിങ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ളതുമായ സ്കൂളിലെ ബൂത്തുകളായിട്ടുള്ള ക്ലാസ്സ് മുറികൾ ഇലക്ഷൻ നടത്തിപ്പിനായി വിട്ടു നൽകണം. ഇലക്ഷൻ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഡിസംബർ 17 ലെ വോട്ടെടുപ്പിനും ഡിസംബർ 18 ലെ വോട്ടെണ്ണലിനും യാതൊരു തടസ്സങ്ങളും ഇല്ലാത്ത വിധം സൗകര്യം സ്ഥാപനത്തിൽ ഏർപ്പാടാക്കേണ്ടതും സ്ഥാപനം യഥാവിധി തുറന്നുകൊടുക്കേണ്ടതുമാണ്.

## മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു

തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു.

ഓണാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ദേ മാവേലിക്കൊരു കത്ത് മത്സരത്തിൽ ജനറൽ വിഭാഗം ഗിൽഷ ശിവജി ഒന്നാം സ്ഥാനം കരസ്ഥമാക്കി. കെ എം മുനീറ രണ്ടും പ്രസാദ് അക്കരപുറം മൂന്നും സ്ഥാനങ്ങൾ നേടി. സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരത്തിൽ എ ജെ ശ്രേയ ഒന്നാം സ്ഥാനം സ്വന്തമാക്കി. പി എ ആദില രണ്ടും ക്രിസ്റ്റീന തോമസ് മൂന്നും സ്ഥാനം നേടി.

മലയാള ഭാഷാ ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാർക്കായി നടത്തിയ ക്വിസ് മത്സരത്തിൽ ദാരിദ്ര ലഘൂകരണ വിഭാഗത്തിലെ പി എ പോളി, രതിമോൾ എം പി വി എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചാലക്കുടി ഡി എഫ് ഒയിലെ ഒ കെ അനില, കെ സി ലിജേഷ് ഗ്രൂപ്പ് രണ്ടാം സ്ഥാനവും ദേശിയ സമ്പാദ്യ പദ്ധതി വിഭാഗം എം ഉണ്ണികൃഷ്ണൻ, ടി എ വിജി മൂന്നാം സ്ഥാനവും നേടി. വൈസ് പ്രസിഡന്റ് എൻ കെ ഉദയ പ്രകാശ് അധ്യക്ഷത വഹിച്ച ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതു രാജ് സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ പത്മിനി ടീച്ചർ, പഞ്ചായത്ത് അംഗം വിഷ്ണു പബ്ലിക് റിലേഷൻ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി പി സുലഭകുമാരി തുടങ്ങിയവർ ആശംസകൾ നേർന്നു. അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ ആർ ബിജു നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് വിതരണം ചെയ്യുന്നു.***

## ക്വട്ടേഷൻ

പുല്ലൂറ്റ് കെ കെ ടി എം സർക്കാർ കോളേജ് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് ക്വടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10 ഉച്ചയ്ക്ക് 12. ഫോൺ: 0480 2802213.

## മാധ്യമ സ്വാതന്ത്ര്യ സംഗമവും മാധ്യമ സെമിനാറും ഇന്ന് (ഡിസം. 10)

കേരള മീഡിയ അക്കാദമി പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് മാധ്യമ സ്വാതന്ത്ര്യ സംഗമം ഇന്ന് (ഡിസംബർ 10) രാവിലെ 11 ന് ജവഹർ ബാലഭവൻ ഓഡിറ്റോറിയത്തിൽ നടക്കും. ''മാധ്യമസ്വാതന്ത്ര്യ കശ്മീരിനായി'' എന്ന വിഷയത്തിൽ കാശ്മീർ ടൈംസ് എക്സിക്യൂട്ടീവ് എഡിറ്റർ അനുരാധ ഭാസിൽ മുഖ്യപ്രഭാഷണം നടത്തും. മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അദ്ധ്യക്ഷത വഹിക്കും. ദേശാഭിമാനി ചീഫ് എഡിറ്റർ പി രാജീവ് മോഡറേറ്ററാകും. ഏഷ്യൻ ഏജ് പ്രതിനിധി യൂസഫ് ജമീൽ, ഫ്രണ്ട് ലൈൻ സീനിയർ അസോസിയേറ്റ് എഡിറ്റർ വെങ്കിടേഷ് രാമകൃഷ്ണൻ, സി നാരായൺ എന്നിവർ ചർച്ചയിൽ പങ്കെടുക്കും. പ്രസ് ക്ലബ് സെക്രട്ടറി എം വി വിനീത സ്വാഗതവും മീഡിയ അക്കാദമി സെക്രട്ടറി ചന്ദ്രഹാസൻ വടുതല നന്ദിയും പറയും. ഒപ്പം ലോകത്തെ പിടിച്ചുലച്ച ഫോട്ടോകളുടെ പ്രദർശനം

'ഗ്ലോബൽ ഇമേജ് 2019' ഡിസംബർ 10 മുതൽ 15 വരെ തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കും.

## രജിസ്ട്രേഷൻ പുനന:സ്ഥാപിക്കാം

വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ ജനുവരി 31 നകം പുന:സ്ഥാപിക്കാം. www.employment.kerala.gov.in എന്ന ഓൺലൈൻ സൈറ്റിൽ പ്രത്യേക പുതുക്കൽ എന്ന ഓപ്ഷൻ മുഖേന പുതുക്കണം. സ്മാർട്ട് ഫോൺ സംവിധാനവും ഇതിനായി ഉപയോഗിക്കാം. 1998 ഒക്ടോബർ മുതൽ 2019 ആഗസ്റ്റ് വരെ രജിസ്ട്രേഷൻ പുതുക്കേണ്ടവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

1999 ജനുവരി ഒന്നു മുതൽ നവംബർ ഇരുപത് വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ അല്ലാതെയോ നേരിട്ടോ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്ത് ലഭിച്ച വിടുതൽ സർട്ടിഫിക്കറ്റ് യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്കും നിശ്ചിത സമയപരിധി കഴിഞ്ഞ് വിടുതൽ സർട്ടിഫിക്കറ്റ് ചേർത്ത കാരണത്താൽ സീനിയോറിറ്റി നഷ്ടമായവർക്കും ഈ ആനുകൂല്യം ലഭിക്കും.

ഓൺലൈൻ മുഖേന പ്രത്യേക പുതുക്കൽ നടത്തുമ്പോൾ ഡാറ്റാബേസിൽ വിവരം ലഭ്യമല്ലാത്തതോ സാങ്കേതിക തകരാറുകളോ മൂലം പൂർത്തീകരിക്കാൻ സാധിക്കാത്തവർ ഓൺലൈൻ ആയി ലഭിച്ച ടോക്കണും രജിസ്ട്രേഷൻ കാർഡും ഒറിജിനൽ സർട്ടിഫിക്കറ്റുകളും സഹിതം 2020 ഫെബ്രുവരി 24 നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ ഹാജാരകണം. അല്ലാത്തവരുടെ അപേക്ഷ അസാധുവാകും.

## തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരിശീലനം

വിവിധ തൊഴിലാളി ക്ഷേമബോർഡുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കും തിരുവനന്തപുരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിൽ സിവിൽ സർവീസ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ബിരുദമാണ് യോഗ്യത. 2020 ആഗസ്റ്റ് ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം. പിന്നോക്ക വിഭാഗക്കാർക്കും ഭിന്നശേഷിക്കാർക്കും നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ വിദ്യാഭ്യാസം, പ്രായം, ജാതി എന്നിവ തെളിയിക്കുന്ന രേഖകളും ബന്ധപ്പെട്ട ക്ഷേമ ബോർഡുകളിൽ നിന്നും ലഭിക്കുന്ന നിന്ന് ലഭിക്കുന്ന ബന്ധുത്വ സർട്ടിഫിക്കറ്റും സഹിതം എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്, തൊഴിൽ ഭവൻ, വികാസ് ഭവൻ പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ ഡിസംബർ പത്തിനകം അപേക്ഷ നൽകണമെന്ന് ലേബർ വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ: 0487 2384494.

## കോ-ഓർഡിനേറ്റർ നിയമനം

ലഹരി വർജ്ജന മിഷൻ വിമുക്തിയിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത. പ്രവർത്തിപരിചയം അഭികാമ്യം. പ്രതിമാസവേതനം 50000 രൂപ. താൽപര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതമുള്ള അപേക്ഷ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് ഡിവിഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ എന്ന വിലാസത്തിൽ ഡിസംബർ 17 നകം നൽകണം. ഫോൺ: 0487 2361237.

## 'മുറ്റത്തെമുല്ല' ലഘു ഗ്രാമീണവായ്പ പദ്ധതിയുമായി എളവള്ളി സർവ്വീസ് സഹകരണ ബാങ്ക്

എളവള്ളി സർവ്വീസ് സഹകരണ ബാങ്ക് 'മുറ്റത്തെമുല്ല' ലഘു ഗ്രാമീണവായ്പ പദ്ധതി മണലൂർ നിയോജക മണ്ഡലം എം.എൽ.എ. മുരളി പെരുനെല്ലി ഉദ്ഘാടനം ചെയ്തു. നാട്ടിൽ വളർന്നു വരുന്ന കൊള്ളപലിശക്കാർ, അന്യ സംസ്ഥാന വട്ടിപലിശക്കാർ, സ്വകാര്യ മൈക്രേ

ഫൈനാൻസ് കമ്പനികൾ എന്നിവരുടെ സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്നവരെ പരിരക്ഷിക്കുകയാണ് 'മുറ്റത്തെമുല്ല' പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്നും എം.എൽ.എ പറഞ്ഞു.

എളവള്ളി സർവ്വീസ് സഹകരണ ബാങ്കിന് കീഴിലെ ആരതി, മലർവാടി, സാക്ഷി, പ്രദീക്ഷ എന്നിങ്ങനെ നാല് കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് വായ്പ ആവശ്യക്കാരിലേക്ക് എത്തുന്നത്. ഒരു യൂണിറ്റിന് 20 ലക്ഷം രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 1,000 മുതൽ 50,000 രൂപ വരെ വായ്പകൾ നൽകും. പഞ്ചായത്തിന് കീഴിലെ 4, 5, 6, 7 8, 9, 10 എന്നീ വാർഡുകളിലാണ് നിലവിൽ വായ്പ കൊടുത്തു വരുന്നത്.

കൂടാതെ 15 ലക്ഷം വരെയുള്ള ലോണുകൾ, ഡെപ്പോസിറ്റുകൾക്ക് കേരള സർക്കാരിന്റെ പൂർണ്ണ പരിരക്ഷ, കാർഷിക വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നു, വളം, കുമ്മായം എന്നിവ കർഷകർക്ക് എത്തിച്ചു കൊടുക്കുക, സ്വർണ്ണപണയ വായ്പ പവന് 20,000 രൂപ വരെ 9.5 ശതമാനം പലിശ നിരക്കിൽ കൊടുക്കുന്നു, വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നീതി സ്റ്റുഡന്റ് മാർക്കറ്റിലൂടെ നൽകുന്നു, 24 മണിക്കൂറിന് 1000 രൂപ നിരക്കിൽ മൊബൈൽ ഫ്രീസർ എന്നിങ്ങനെ ഒട്ടനവധി പദ്ധതിയിൽ ഉൾപ്പെടാത്ത സേവനങ്ങളും നടത്തി വരുന്നുണ്ട്.

സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി.കെ.മോഹനൻ അധ്യക്ഷത വഹിച്ചു. എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലതിക ടീച്ചർ, എളവള്ളി ഗ്രാമപഞ്ചായത്ത് വൈസ് - പ്രസിഡന്റ് ടി.ഡി. സുനിൽ, മറ്റ് കുടുംബശ്രീ ചെയർപേഴ്സൺമാർ, ബാങ്ക് ജീവനക്കാർ എന്നിവർ ആശംസകൾ അറിയിച്ചു.

സഹകരണ ബാങ്ക് വൈസ് - പ്രസിഡന്റ് സനിൽ കുന്നത്തുള്ളി സ്വാഗതവും സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി എ.എം. ബിനി നന്ദിയും പറഞ്ഞു.

***അടിക്കുറിപ്പ്: എളവള്ളി സർവ്വീസ് സഹകരണ ബാങ്ക് 'മുറ്റത്തെമുല്ല' ലഘു ഗ്രാമീണവായ്പ പദ്ധതി ഉദ്ഘാടനം മുരളി പെരുനെല്ലി എംഎൽഎ നിർവഹിക്കുന്നു.***

# ഗുരുവായൂരിൽ കുടുംബശ്രീ വിപണനമേള

ഏകാദശി-മണ്ഡലമാസത്തോടനുബന്ധിച്ച് ഗുരുവായൂർ നഗരസഭ കുടുംബശ്രീ ജില്ലാ മിഷൻ സംയുക്തമായുള്ള കുടുംബശ്രീ ഉത്പന്ന പ്രദർശന - വിപണന മേളയ്ക്ക് നഗരസഭ ബസ് സ്റ്റാൻഡ് പരിസരത്ത് തുടക്കം കുറിച്ചു. നഗരസഭ ചെയർപേഴ്സൻ വി എസ് രേവതി ഉദ്ഘാടനം നിർവ്വഹിച്ചു. ഗുരുവായൂർ കുടുംബശ്രീ സി ഡി എസ് 1, സി ഡി എസ് 2, ജില്ലാ മിഷൻ എന്നിവയിൽ നിന്നുള്ള സംരംഭകരുടെ ഉത്പന്നങ്ങളാണ് വിപണനം ചെയ്യുന്നത്. സംരംഭകർക്ക് നേരിട്ട് വിപണനം നടത്തി കൂടുതൽ ലാഭം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ജനുവരി 23 വരെ നീളുന്ന മേളയ്ക്ക് തുടക്കം കുറിച്ചത്.

നഗരസഭ സ്റ്റാൻഡിംങ് കമ്മിറ്റി അധ്യക്ഷരായ എം. രതി, ടി എസ് ഷെനിൽ, നിർമ്മല കേരളൻ, ഷൈലജ ദേവൻ, മുൻ വൈസ് ചെയർമാൻ കെ പി വിനോദ്, നഗരസഭ കൗൺസിലർമാർ, സി ഡി എസ് ചെയർപേഴ്സൻമാരായ ഷൈലജ സുധൻ, എം കെ ബിന്ദു, എൻ യു എൽ എം സിറ്റി മിഷൻ മാനേജർ വി. എസ് ദീപ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഗുരുവായൂർ നഗരസഭ കുടുംബശ്രീ ജില്ലാ മിഷൻ സംയുക്തമായുള്ള കുടുംബശ്രീ ഉത്പന്ന പ്രദർശന - വിപണന മേള ചെയർപേഴ്സൻ വി എസ് രേവതി ഉദ്ഘാടനം ചെയ്യുന്നു.***

# നടുവിൽക്കരയുടെ ഹെൽത്ത് സബ് സെന്റർ സ്വപ്നം പൂവണിയുന്നു

നടുവിൽക്കര നിവാസികളുടെ ഹെൽത്ത് സബ്ബ് സെന്റർ എന്ന ചിരകാല സ്വപ്നം പൂവണിയുന്നു. വർഷങ്ങളായുള്ള കത്തിരിപ്പിനൊടുവിൽ ഹെൽത്ത് സബ് സെന്ററിന്റെ ശിലാസ്ഥാപനം നടന്നു. എത്രയും പെട്ടെന്ന് പണി പൂർത്തീകരിച്ച് നൽകാനുള്ള ശ്രമത്തിലാണ് വാടാനപ്പിള്ളി പഞ്ചായത്ത്. കെട്ടിടം പണിയുന്നതിനായി പഞ്ചായത്ത് പുതിയ ഭൂമി കണ്ടെത്തി വിലക്ക് വാങ്ങുകയായിരുന്നു. ജനകീയാസൂത്രണം 2018-19 പദ്ധതിയിലുൾപ്പെടുത്തി ചുരുങ്ങിയ സമയത്തിനുള്ളിൽ സ്ഥലം കണ്ടെത്തുകയായിരുന്നു.

അഞ്ച് സെന്റ് സ്ഥലത്ത് 19 ലക്ഷം ചിലവഴിച്ച് ആധുനിക രീതിയാണ് കെട്ടിടം പണിയുന്നത്. 24 മണിക്കൂറും ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിന് നഴ്സുമാർക്ക് താമസ സൗകര്യവും ഒരുക്കിയിട്ടുണ്ട്. വാടാനപ്പിള്ളി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ആഴ്ച്ചയിൽ ഡോക്ടറുടെ സേവനും ലഭ്യമാക്കും. അയ്യായിരത്തോളം കുടുംബങ്ങൾക്ക് ഇതിന്റെ സേവനം ലഭിക്കും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഹെൽത്ത് സബ്ബ് സെന്റർ ഉപകാരമാകും.

വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് നടുവിൽക്കര ഹെൽത്ത് സബ്ബ് സെന്റർ ശിലാസ്ഥാപനം മുരളി പെരുനെല്ലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രിസിഡന്റ് ഷിജിത്ത് വടക്കുംചേരി അധ്യക്ഷനായി. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. സുഭാഷിണി മഹാദേവൻ, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യസ സ്റ്റാറ്റിൻ കമ്മിറ്റി ചെയർപേഴ്സൺ മഞ്ഞ്ജുള അരുണൻ എന്നിവർ മുഖ്യാതിഥികളായി. ആസൂത്രണസമിതി ഉപാദ്ധ്യക്ഷൻ രവീന്ദ്രൻ പദ്ധതി വിശദീകരിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് നടുവിൽക്കര ഹെൽത്ത് സബ്ബ് സെന്റർ ശിലാസ്ഥാപനം മുരളി പെരുനെല്ലി എംഎൽഎ നിർവഹിക്കുന്നു.***

## മുട്ടകോഴി വിതരണം നടത്തുന്നു

ചാവക്കാട് നഗരസഭയുടെ 2019-20 ജനകീയാസൂത്രണ പദ്ധതി പ്രകാരം മുട്ടകോഴി വിതരണം നടത്തുന്നു. ഒരു കുടുംബത്തിന് 9 മുട്ടകോഴികൾ എന്ന കണക്ക് പ്രകാരം, വാർഡ് മുഖേന തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്കാണ് മുട്ടക്കോഴികൾ ലഭിക്കുക. ആവശ്യക്കാർ 495 രൂപയും ആവശ്യമായ രേഖകളുമായി നഗരസഭ വെറ്റിനറി ആശുപത്രിയിൽ ഡിസംബർ 20നകം ബന്ധപ്പെടേണ്ടതാണ്.

## ദുരന്ത സാഹചര്യങ്ങളെ ചെറുക്കാൻ കമ്മ്യുണിറ്റി റിസോഴ്സ് വളണ്ടിയേഴ്സ്

പ്രളയവും മറ്റ് ദുരന്തങ്ങളെയും നേരിടാൻ ചാവക്കാട് നഗരസഭ ഒരുങ്ങുന്നു. 'കമ്മ്യുണിറ്റി റിസോഴ്സ് വളണ്ടിയേഴ്സ്' എന്ന പേരിൽ സന്നദ്ധ സേവകരെ കോർത്തിണക്കി പരിശീലിപ്പലിക്കാനാണ് നഗരസഭ തീരുമാനം. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കേരളം നേരിട്ട പ്രളയത്തിന്റെയും മറ്റ് ദുരന്തങ്ങളുടെയും പശ്ചാത്തലത്തിലാണ് ഇത്തരമൊരു ഉദ്യമം.

നഗരസഭ തലത്തിൽ സന്നദ്ധ സേവകരുടെ ഗ്രൂപ്പ് വാർത്തെടുക്കാനും അവർക്ക് അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനെക്കുറിച്ച് അവബോധം നൽകുന്നതിനുമായുള്ള ശ്രമത്തിന്റെ ഭാഗമാണിത്. പോലീസുമായി സഹകരിച്ചാണ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നത്. സേവനതൽപരരായവർ നഗരസഭ ഓഫീസുമായി ബന്ധപ്പെടുക.

## പ്രതീക്ഷ 2019
## മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ അന്വേഷകർക്കായി പ്രതീക്ഷ 2019 മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു. പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിൽ നടത്തിയ തൊഴിൽ മേള സബ് കളക്ടർ അഫ്സാന പർവീൺ ഉദ്ഘാടനം ചെയ്തു. എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർ പി കെ മോഹൻദാസ് അധ്യക്ഷത വഹിച്ചു. പ്രജ്യോതി നികേതൻ കോളേജ് മാനേജർ റവ. ഫാ. ഡോ. ഹർഷജൻ പഴയാറ്റിൽ മുഖ്യപ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. ഷൈജൻ പോൾ, ഇരിങ്ങാലക്കുട എംപ്ലോയ്മെന്റ് ഓഫീസർ ടി ജി ബിജു തുടങ്ങിയവർ ആശംസകൾ നേർന്നു. തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എം എസ് അലാവുദീൻ സ്വാഗതവും എംപ്ലോയ്മെന്റ് ഓഫീസർ വി എം ഹംസ നന്ദിയും പറഞ്ഞു.

2000 ഒഴിവുകളിലേക്കായി 2750 ഉദ്യോഗാർഥികൾ തൊഴിൽ മേളയിൽ പങ്കെടുത്തു. 264 ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമനം ലഭിച്ചു. പോപ്പുലർ മോട്ടോഴ്സ്, ഇസാഫ്, എച്ച് ഡി എഫ് സി, ആക്സിസ് ബാങ്ക്, ജനസേവ കേന്ദ്രം, തൃശ്ശൂർ സൺ മെഡിക്കൽ ആൻഡ് റിസർച്ച് സെന്റർ തുടങ്ങിയ പ്രമുഖ കമ്പനികൾ മേളയുടെ ഭാഗമായി.

## ടെണ്ടർ

വനിത ശിശു വികസന വകുപ്പിന്റെ പുഴയ്ക്കൽ അഡീഷണൽ തൃശൂർ അർബൻ - 1 ഐസിഡിഎസ് പ്രോജക്ടിന്റെ കീഴിലുള്ള 137 അങ്കണവാടികളിലേക്ക് ആവശ്യമായ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 27 ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ: 0487-2360008.

## അപേക്ഷ ക്ഷണിച്ചു

തൃശൂർ കെൽട്രോൺ കേന്ദ്രത്തിൽ പിഎസ്സി നിയമനങ്ങൾക്ക് യോഗ്യവും സർക്കാർ അംഗീകാരമുള്ളതുമായ പിജിസിഡിഎ, ഡിസിഎ, വേർഡ് പ്രോസസ്സിംങ് ആൻഡ് ഡാറ്റ എൻട്രി, ഓഫീസ് ഓട്ടോമേഷൻ എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0487 2429000.

## മനുഷ്യാവകാശദിനാചരണം ഇന്ന് (ഡിസം. 10)

സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്തർദ്ദേശീയ മനുഷ്യാവകാശദിനാചരണം ഇന്ന് (ഡിസംബർ 10) രാവിലെ 10 ന് തൃശൂർ വിമല കോളേജിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്യും. കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ജോൺ ഡാനിയേൽ അദ്ധ്യക്ഷത വഹിക്കും. കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ബീന ജോർജ്ജ് മുഖ്യ പ്രഭാഷണം നടത്തും. കോർപ്പറേഷൻ കൗൺസിലർ കൃഷ്ണൻകുട്ടി മാസ്റ്റർ, ജില്ലാ പ്രൊബേഷൻ ഓഫീസർ രാഗപ്രിയ തുടങ്ങിയവർ ആശംസ നേരും. ജില്ലാ സാമൂഹ്യനീതി ഓഫീസർ ഇൻ-ചാർജ്ജ് കെ ആർ പ്രദീപ് സ്വാഗതവും സോഷ്യോളജി വിഭാഗം മേധാവി ഡോ. വി ഷിൻജു നന്ദിയും പറയും. രാവിലെ 9 ന് വിളംബരജാഥയും 10.30 ന് സെമിനാറും നടക്കും. 'മനുഷ്യാവകാശവും മനുഷ്യാവകാശ ലംഘനങ്ങളും' എന്ന വിഷയത്തിൽ അഡ്വ. സോജൻ ജോബും 'മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ വിദ്യാർത്ഥികളുടെ പങ്ക്' എന്ന വിഷയത്തിൽ അഡ്വ. വി ജി സുശീലും ക്ലാസ്സ് നയിക്കും.

## പറയ്ക്കാട് എ.എൽ.പി. സ്കൂളിൽ ഇംഗ്ലീഷ് ആർട്ട് ഗ്യാലറി

2019-20 വർഷത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പറയ്ക്കാട് എ.എൽ.പി. സ്കൂളിൽ ഇംഗ്ലീഷ് ആർട്ട് ഗ്യാലറി ഉദ്ഘാടനം ചെയ്തു. മണലൂർ നിയോജക മണ്ഡലം എം.എൽ.എ. മുരളി പെരുനെല്ലി ഉദ്ഘാടനം നിർവ്വഹിച്ചു. കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉയർത്തുകയും ഇംഗ്ലീഷ് ഭാഷാ പഠനാന്തരീക്ഷം സൃഷ്ടിക്കുകയുമാണ് ഇതിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു.

കുട്ടികൾക്ക് ഇംഗ്ലീഷിലെ വിവിധ വ്യവഹാര രൂപങ്ങളെക്കുറിച്ച് ലഭിച്ച അറിവ് സ്വതന്ത്രവും നിർഭയവുമായി പ്രകടിപ്പിക്കൽ, ഓരോ കുട്ടിയിലെയും എൽ.എസ്.ആർ.ഡബ്ല്യുവിന്റെ സമഗ്രമായ വികസനത്തിലൂടെ ഇംഗ്ലീഷ് പഠനം സുഗമമാക്കൽ, ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ എന്നിവയാണ് പറക്കാട് സ്കൂൾ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മുല്ലശ്ശേരി ഉപജില്ലാ തലത്തിൽ പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഏക സ്കൂളാണ് പറയ്ക്കാട് എ.എൽ.പി. സ്കൂൾ. ഇതോടനുബന്ധിച്ച് സ്മാർട്ട് ക്ലാസ് മുറി നിർമ്മിക്കുന്നതിനായി എം എൽ എ ഫണ്ടിൽ നിന്നും 1.5 ലക്ഷം രൂപയും സർക്കാർ പദ്ധതിയുടെ ഭാഗമായി 2 ലാപ്ടോപ്, 1 പ്രൊജക്ടർ, സ്പീക്കർ എന്നിവയും ലഭിച്ചു. കൂടാതെ സ്കൂളിനോട് ചേർന്ന് അടുക്കള നിർമ്മാണത്തിനായി 2 ലക്ഷം രൂപയുടെ ധനസഹായവും മുരളി പെരുനെല്ലി എം.എൽ.എ. പ്രഖ്യാപിച്ചു.

എളവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു.കെ.ലതിക ടീച്ചർ അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക സി.ജെ.ലിസി പദ്ധതി വിശദീകരിച്ചു. മുഖ്യാതിഥി എ.ഇ.ഒ. മുല്ലശ്ശേരി പി.എ. ബീന, പഞ്ചായത്ത് മെമ്പർ പി.എസ്.ലയേഷ്, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സി.ഡി. വിജി, ബി.ആർ.സി. ട്രെയിനർ സുശോഭ ടീച്ചർ, ഒ.എസ്.എ പ്രസിഡന്റ് വി.യു.ചന്ദ്രൻ, ഹൃദ്യ സുബീഷ്, വി. മൃദുല എന്നിവർ ആശംസകൾ നേർന്നു.

സ്കൂൾ മാനേജർ കെ.എസ്.സിനിൽ സ്വാഗതവും അസിസ്റ്റന്റ് ടീച്ചർ ടി.എച്ച് സ്മിത നന്ദിയും പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: പറയ്ക്കാട് എ.എൽ.പി. സ്കൂളിൽ ഇംഗ്ലീഷ് ആർട്ട് ഗ്യാലറി മുരളി പെരുനെല്ലി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.***

# 'കാനനം അതിരപ്പിള്ളി' : ബ്രാന്റുമായി ആദിവാസികൾക്ക് കുടുംബശ്രീയുടെ കൈതാങ്ങ്

ആദിവാസികൾക്ക് കൈത്താങ്ങായി കുടുംബശ്രീ ആദിവാസി തനത് ഉൽപ്പന്നങ്ങൾ 'കാനനം അതിരപ്പിള്ളി ' എന്ന പേരിൽ ബ്രാൻഡ് ചെയ്തു. തൃശൂർ ജില്ലയിലെ അതിരപ്പിള്ളി പഞ്ചായത്തിലെ കാടർ വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടെ തനത് ഉല്പന്നങ്ങളായ കാപ്പിപ്പൊടി, കാട്ടുതേൻ, കുരുമുളക് എന്നിവയാണ് വാണിജ്യവൽക്കരിച്ചത്. കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ പട്ടിക വർഗ മേഖലയിലെ സമഗ്ര വികസനം നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയുടെ ഭാഗമായാണിത്. വനിതകളായ 6 പേരടങ്ങുന്ന സംരഭക യൂണിറ്റിൽ ഇവർ തന്നെയാണ് വന വിഭവങ്ങളുടെ ശേഖരണം മുതൽ വിൽപ്പനവരെ നടത്തുന്നത്. അതിരപ്പിള്ളി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാനനം ആക്ടിവിറ്റി ഗ്രൂപ്പിന്റെ പ്രസിഡന്റ് മഞ് ജുവാണ്. വിൽസി സെക്രട്ടറിയും നൈസി, ഉണ്ണിമായ, സുമിത, ഗ്രീഷ്മ എന്നിവർ അംഗങ്ങളായും പ്രവർത്തിക്കുന്നു. ഗ്രൂപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് ഇനത്തിൽ 150000 രൂപ സി ഡി എസ് മുഖേന ധന സഹായമായി നൽകി. സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ് പ്രോഗ്രാമിൽ പ്രൊജക്റ്റ് രൂപ കല്പന ചെയ്യുന്നതിൽ മൈക്രോ എന്റർപ്രൈസസ് കൺസൽറ്റന്റ്മാരാണ് പ്രവർത്തിച്ചത്. വില നിർണയ ത്തിൽ യു എൻ ഡി പിയുടെ സാങ്കേതിക സഹായം ലഭിച്ചു. ആവശ്യമായ എല്ലാ ലൈ സൻസുകളോടും കൂടിയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പൂർണ പിന്തുണയോടെയാണ് സംരഭ പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നത്. ഇക്കഴിഞ്ഞ നവംബർ 1 ന് പാലക്കാട് നടന്ന കുടുംബശ്രീ സംസ്ഥാന തല കലോത്സവമായ 'അരങ്ങ് 2019' വേദിയിൽ വെച്ച് കാനനം അതിരപ്പിള്ളി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർ വ്വഹിച്ചിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ നിയമസഭ സമുച്ചയത്തിൽ ' ഗോത്രപ്പെരുമ -2019' എന്ന പേരിൽ നടന്ന മേളയിൽ ഈ ഉൽപ്പന്നങ്ങൾ 20600 രൂപയുടെ വിറ്റു വരവ് നേടി. കൂടാതെ വലിയ രീതിയിൽ തന്നെ ജനപ്രീതി പിടിച്ചു പറ്റാനും കഴിഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: ആദിവാസികൾക്ക് കൈത്താങ്ങായി 'കാനനം അതിരപ്പിള്ളി ' എന്ന പേരിൽ ബ്രാൻഡ് ചെയ്ത കുടുംബശ്രീ ആദിവാസി തനത് ഉൽപ്പന്നങ്ങൾ.***

# തളിക്കുളം ബഡ്സ് സ്കൂളിന് തൊഴിൽ പരിശീലനം നൽകി

തളിക്കുളം ഗ്രാമപഞ്ചായത്ത് സ്നേഹ സാന്ത്വനം ബഡ്സ് സ്പെഷൽ സ്ക്കൂളിൽ നടന്ന തൊഴിൽ പരിശീലനം പഞ്ചായത്ത് പ്രസിഡന്റ് ഡോ സുഭാഷിണി മഹാദേവൻ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ വിദ്യാഭ്യാസ കമ്മിറ്റി ചെയർമാൻ ഇ.പി.കെ സുഭാഷിതൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ഐ സജിത മുഖ്യതിഥിയായി. വൈസ് പ്രസിഡൻറ് എം.കെ ബാബു, വാർഡ് മെമ്പർമാരായ എ.ടി നേന, പി.എ ഷിഹാബ്, പ്രമീള സുദർശനൻ, കുടുംബശ്രീ ചെയർപേഴ്സൺ അജന്ത ശിവരാമൻ, പോളിടെക്നിക്ക് കോളേജ് സീനിയർ സൂപ്രണ്ട് കെ.എ ഷാനവാസ്, ജില്ലാ പ്രോഗ്രം ഓഫീസർ ടി.എം ഷബാന, എൽ.ഇ.ഡി ട്രൈയ്നർ എൻ.ബി സതീശൻ, റിയ ചീരൻ ടീച്ചർ എന്നിവർ സംസാരിച്ചു.

# ഇനി പടികൾ കയറേണ്ട: നവീകരിച്ച ഭാഗ്യക്കുറി ഓഫീസ് കളക്ടറേറ്റിന്റെ താഴെ നിലയിൽ

നവീകരിച്ച ജില്ലാ ഭാഗ്യക്കുറി-ക്ഷേമനിധി ഓഫീസ് കളക്ടറേറ്റ് താഴത്തെ നിലയിൽ ഉദ്ഘാട നം ചെയ്തു. ജില്ലാ ഭാഗ്യക്കുറി ഓഫീസ് കെട്ടിടം ജില്ലാ കളക്ടർ എസ്. ഷാനവാസും ക്ഷേമനിധി ഓഫീസ് ഉദ്ഘാടനം ക്ഷേമനിധി ബോർഡ് ചെയർമാൻ പി.ആർ. ജയപ്രകാശും നിർവഹിച്ചു.

അൻപത്തി ഒന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്. 2600 ചതുരശ്ര അടിയിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമായാണ് ഓഫീസ് ഒരുക്കിയിരിക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രം ഒരുവർഷംകൊണ്ടാണ് നിർമ്മാണം പൂർത്തിയാക്കിയത്.

മൂന്ന് പതിറ്റാണ്ടോളമായി കളക്ടറ്റേ രണ്ടാം നിലയിലാണ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും മറ്റ് ശാരീരിക ബുദ്ധിമുട്ടുകളുള്ളവർക്കും ഇവിടേയ്ക്ക് കോണിപ്പടികൾ കയറി എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് ഓഫീസ് താഴത്തെ നിലയിലേയ്ക്ക് മാറ്റിയത്. സ്ഥലപരിമിതിയും പ്രശ്നമായിരുന്നു. ജില്ലാ ആസൂത്രണ ഭവന് എതിർ വശത്തുള്ള കെട്ടിടത്തിലാണ് നവീകരിച്ച ഓഫീസ്. ഭിന്നശേഷിക്കാർക്കും മറ്റും എത്തിചേരാനുള്ള സൗകര്യത്തോടൊപ്പം തന്നെ ഓഫീസിന് പുറത്ത് എഴുതാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കാൻ മനുഷ്യാവകാശ കമ്മീഷനും നിർദേശം നൽകിയിരുന്നു. ക്യാഷ് കൗണ്ടറും, ഫ്രണ്ട് ഓഫീസും, ജീവനക്കാർക്കുള്ള ക്യാബിൻ ഉൾപ്പടെയുള്ള വിശാലമായ സൗകര്യം പുതിയ ഓഫീസിലുണ്ട്. മുൻ എം.എൽ.എ. ബാബു എം പാലിശ്ശേരി, ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് അംഗം എം.കെ. ബാലകൃഷ്ണൻ, ജില്ലാ ഭാഗ്യക്കുറി ഓഫീസർ ഷഹാൽ, ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ ഷാഹിത, വകുപ്പ് ജീവനക്കാർ, തൊഴിലാളി സംഘടനാ നേതാക്കൾ, ലോട്ടറി തൊഴിലാളികൾ പങ്കെടുത്തു.

## റോട്ട വൈറസ് വാക്സിനേഷൻ: ജില്ലാതല ഉദ്ഘാടനം ഡിസംബർ 11 ന്

ദേശീയ പ്രതിരോധചികിത്സ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന റോട്ട വൈറസ്‌വാക്സിനേഷന്റെ ജില്ലാതല ഉദ്ഘാടനം ജനറൽ ആശുപത്രിയിൽ ഡിസംബർ 11 ന് രാവിലെ 9.30 ന് മേയർ അജിത വിജയൻ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉദയപ്രകാശ് അദ്ധ്യക്ഷത വഹിക്കും. കുഞ്ഞുങ്ങളിൽ പ്രത്യേകിച്ച് ഒരു വയസ്സിനു താഴെയുള്ളവരിൽ കാണുന്ന റോട്ടാവൈറസ് മൂലമുള്ള വയറിളക്കരോഗം തടയുന്നതിനാണ് ഈ വാക്സിൻ നൽകുന്നത്. 6 ആഴ്ച, 10 ആഴ്ച, 14 ആഴ്ച എന്നീ പ്രായങ്ങളിൽ വായിലൂടെ മൂന്ന് ഡോസ് ആയാണ് ഈ വാക്സിൻ നൽകുന്നത്. റോട്ടാവൈറസ് വാക്സിനേഷൻ നല്കിത്തുടങ്ങുന്ന ആദ്യമാസത്തിൽ 6 ആഴ്ച പ്രായമായ കുഞ്ഞുങ്ങൾക്ക് മാത്രമായിരിക്കും ഈ വാക്സിൻ നൽകുക. ദേശീയ പ്രതിരോധ ചികിത്സ പട്ടികയിലെ മറ്റു വാക്സിനുകളെ പോലെത്തന്നെ റോട്ടാവൈറസ് വാക്സിനും പൂർണ്ണമായും സൗജന്യമായിത്തന്നെയാണ് നൽകുന്നത്.

## അന്താരാഷ്ട്ര ശ്രദ്ധയിൽ വീണ്ടും മുസിരിസ് ; പതിമൂന്നംഗ വിദേശ സംഘമെത്തി

അന്താരാഷ്ട്ര ശ്രദ്ധയാകർഷിച്ച് വീണ്ടും മുസിരിസ് പൈതൃക പദ്ധതി. പദ്ധതിയുടെ വിശദാംശങ്ങൾ നേരിലറിയാൻ പതിമൂന്നംഗ വിദേശ മാധ്യമ സംഘമെത്തി. ഇന്ത്യൻ പ്രതിനിധി ഉൾപ്പെടെ അമേരിക്ക, കാനഡ, ചൈന, മലേഷ്യ, കെയ്റോ എന്നീ രാജ്യങ്ങളിൽ നിന്നായി 19 മീഡിയ പ്രതിനിധികളാണ് പൈതൃക പദ്ധതി പ്രദേശം സന്ദർശിച്ചത്. ഇന്റർനാഷണൽ ഹോട്ടൽ ശൃംഖലയായ മാരിയറ്റാണ് യാത്ര സംഘടിപ്പിച്ചത്. കോട്ടപ്പുറം വാട്ടർ ഫ്രണ്ട് പാർക്ക്, കോട്ടപ്പുറം കോട്ട, പാലിയം കൊട്ടാരം, പറവൂർ സിനഗോഗ് എന്നിവിടങ്ങൾ സംഘം സന്ദർശിച്ചു. ലീൻ മീങ് വെയ്(റോബ് റിപ്പോർട്ട്), ലൂങ് വായ് ടിങ്ങ്( ന്യൂ സ്ട്രൈറ്റ് ടൈംസ്), ക്രിസ്റ്റൽ ലി യാൻ വെയ്(ബറോ 24/7), വാങ്ങ് ഷയോയി(കോണ്ടി നാസ്റ്റ് ട്രാവലർ), ഴാങ്ങ് തായ്(യൂ പാസ്സെഞ്ചർ), അലീസ ശുവാർട്സ്( ദ ഗ്ലോബ് ആന്റ് മെയിൽ), സ്റ്റെഫാനി വാൾഡക്ക്(ആർക്കിടെക്ചറൽ ഡൈജസ്റ്റ്), ശഗുൻ സെഗാൻ(ഇൻഫ്ലുവൻസർ), വിശാൽ ഫെർണാണ്ടസ്(ഇൻഫ്ലുവൻസർ), ഷനയ അറോറ (ഇൻഫ്ലുവൻസർ), ആകാശ് മൽഹോത്ര (ഇൻഫ്ലുവൻസർ), ഇഷ ഗുപ്ത (ഇൻഫ്ലുവൻസർ), റോക്സ്ആനെ ബംബോട്ട്(ഇൻഫ്ലുവൻസർ) എന്നിവരാണ് സംഘത്തിലുണ്ടായത്.

മുസ്രിസ് പൈതൃക പദ്ധതി അന്തർദേശീയതലത്തിൽ പുതിയ മാനങ്ങൾ നൽകുന്നുവെന്നും പദ്ധതിയുടെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര തലത്തിൽ മാതൃകയാക്കാവുന്നതാണെന്നും സംഘം അഭിപ്രായപ്പെട്ടു. മുസിരിസ് പൈതൃക പദ്ധതിയെക്കുറിച്ച് മാനേജിംഗ് ഡയറക്ടർ പി എം നൗഷാദും അതിൽ ഉൾപ്പെടുന്ന മ്യൂസിയങ്ങളെക്കുറിച്ചുള്ള വിശദീകരണം ഡോക്ടർ മിഥുനും

നൽകി. ഏകദേശം 2500 വർഷത്തെ ചരിത്ര സമ്പത്തുള്ള മുസിരിസ് പൈതൃക സംരക്ഷണത്തിന് വേണ്ടിയാണ് കേരള സർക്കാർ മുസിരിസ് പദ്ധതി ആരംഭിച്ചത്. പ്രാദേശിക സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുക, പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത വ്യവസായങ്ങൾ, കരകൗശല വിദ്യകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവ മുസിരിസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. പറവൂർ - കൊടുങ്ങല്ലൂർ പ്രദേശത്തുള്ള പുരാതന ക്ഷേത്രങ്ങൾ, യൂറോപ്യൻ കോട്ടകൾ, കൊട്ടാരങ്ങൾ, ക്രിസ്ത്യൻ പള്ളികൾ, സെമിനാരികൾ, ജൂത സ്മാരകങ്ങൾ, മുസ്ലിം ആരാധനാലയങ്ങൾ എന്നിവയെ അതിന്റെ സാംസ്കാരിക തനിമ ചോരാതെ സംരക്ഷിച്ചു നിർത്തുന്നതിൽ മുസിരിസ് പദ്ധതി വലിയ പങ്കുവഹിക്കുന്നു.

***അടിക്കുറിപ്പ്: മുസിരിസ് പൈതൃക പദ്ധതിയുടെ വിശദാംശങ്ങൾ നേരിലറിയാൻ എത്തിയ പതിമൂന്നംഗ വിദേശ മാധ്യമ സംഘം.***

## പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം

വാടാനപ്പള്ളിയിൽ പി.എസ്.സി നിയമനങ്ങൾക്ക് യോഗ്യമായ കേരള സ്റ്റേറ്റ് റൂട്രോണിക്സിന്റെ പി.ജി.ഡി.സി.എ, ഡി.സി.എ, കമ്പ്യൂട്ടർ റ്റി.റ്റി.സി, ഡാറ്റാ എൻട്രി, അക്കൗണ്ടിംഗ്, ഓട്ടോകാഡ്, ഡി.റ്റി.പി, വെബ് ഡിസൈനിങ് എന്നീ കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനത്തിന് പട്ടികജാതി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വാടാനപ്പള്ളി ബീച്ച് റോഡ് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന സ്മൃതി കോളേജ് ഓഫ് ആർട്സാണ് അംഗീകൃത പരിശീലന കേന്ദ്രം. എസ്.എസ്.എൽ.സി വിജയിച്ചവരായിരിക്കണം അപേക്ഷകർ. പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ എസ്.എസ്.എൽ.സിയുടെ പകർപ്പും 4 ഫോട്ടോയുമായി സ്മൃതി കോളേജിൽ നേരിട്ട് എത്തിച്ചേരണം. മറ്റു വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 20 % ഫീസിളവ് ലഭിക്കും. ഫോൺ: 9249781947, 0487 -2607543

## നിലാവുറങ്ങാത്ത ഒല്ലൂർ : 3 കോടി 40 ലക്ഷം രൂപ ചിലവിൽ ഹൈ മാസ്ററ് ലൈറ്റുകൾ

നിലാവുറങ്ങാത്ത ഒല്ലൂർ പദ്ധതിയുടെ ഭാഗമായി 3കോടി 40 ലക്ഷം രൂപ ചിലവിൽ 70 സെന്ററുകളിൽ ഹൈ മാസ്ററ് ലൈറ്റുകൾ സ്ഥാപിച്ചു. ചിയ്യാരം ഒല്ലുകാവ് സെന്ററിൽ സ്ഥാപിച്ച ഹൈ മാസ്ററ് ലൈറ്റിന്റെ സ്വിച്ച് ഓൺ കർമം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊ സി രവീന്ദ്രനാഥ് നിർവഹിച്ചു. ഒല്ലൂർ എം എൽ എ അഡ്വ കെ രാജന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും തൃശൂർ കോർപറേഷന് നൽകിയ 18 ഹൈ മാസ്ററ് ലൈറ്റുകളിൽ ഒന്നാണിത്. 'നിലാവുറങ്ങാത്ത ഒല്ലൂർ ' എന്ന പേരിൽ ഒരു വെളിച്ച വിസ്മയത്തിന് ഒല്ലൂർ നിയോജക മണ്ഡലം തയ്യാറെടുക്കുകയാണ്. എം എൽ എ യുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ നഗര ഗ്രാമ വീഥികളാകെ വെളിച്ചം എത്തിക്കലാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. ഇതിൽ തൃശൂർ കോർപറേഷൻ പരിധിയിൽ 18 ഹൈ മാസ്ററ് ലൈറ്റുകളാണ് സ്ഥാപിക്കുന്നത്. ഗവ ചീഫ് വിപ് അഡ്വ കെ രാജൻ അധ്യക്ഷത വഹിച്ചു. ഹൈ മാസ്ററ് ലൈറ്റുകളുടെ നിർമാണ പ്രവർത്തനം അതിവേഗം പൂർത്തീകരിച്ച സ്റ്റീൽ ഇന്ത്യ ഉദ്യോഗസ്ഥരെ മന്ത്രി പൊന്നാട അണിയിച്ചു. കോർപറേഷൻ മേയർ അജിതാ വിജയന് ഒല്ലൂർ മണ്ഡലം പൗരാവലിയുടെയും ഒല്ലൂർ എം എൽ എ യുടെയും പ്രത്യേക ആദരവും സമർപ്പിച്ചു. ജില്ലാ കളക്ടർ എസ് ഷാനവാസ് മുഖ്യാതിഥിയായി. കോർപറേഷൻ ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, ഡി പി സി മെമ്പർ വർഗീസ് കണ്ടംകുളത്തി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ഷീബ പോൾസൺ, കൗൺസിലർ ഗ്രീഷ്മ അജയഘോഷ് തുടങ്ങിയവർ പങ്കെടുത്തു.

## മസ്റ്ററിങ് ചെയ്യണം

ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവരിൽ മസ്റ്ററിങ് നടത്താത്തവർ അക്ഷയകേന്ദ്രങ്ങളിൽ പോയി ഡിസംബർ 15 നകം മസ്റ്റിങ് ചെയ്യണം. ലൈഫ്

സർട്ടിഫിക്കറ്റ് നൽകിയവരും മസ്റ്ററിങ് നടത്തണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# വയോജന സൗഹൃദം : ചേർപ്പ് ബ്ലോക്ക് നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു

വയോജന സൗഹൃദ സായന്തനം പദ്ധതിയുടെ ഭാഗമായി ചേർപ്പ് ബ്ലോക്ക് നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ചേർപ്പ്ബ്ലോക്ക് പഞ്ചായത്ത് പാലക്കൽ ഡിവിഷന്റെയും തൃശൂർ ജില്ലാ സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പാറളം ഗ്രാമ പഞ്ചായത്ത ആറാം വാർഡിലാണ് സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചത്. പാറളം കുടുംബ ക്ഷേമ കേന്ദ്രത്തിൽ വെച്ച് ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ആർ സരള ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നൂറോളം പേർ ക്യാമ്പിൽ പങ്കെടുത്തു. ചേർപ്പ് ബ്ലോക്ക് വൈസ് പ്രസിഡന്റ് പി ടി സണ്ണി, മെമ്പർ കെ എ പ്രദീപ്, സി എച് സി ഒപ്റ്റോമെട്രിസ്റ് ആശാ കെ, ഡോ സുജ ജോർജ്, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ ഡി മിൽട്ടൺ, ജില്ലാ ഒഫ്താൽമിക് കോർഡിനേറ്റർ സത്യനേശൻ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ചേർപ്പ് ബ്ലോക്ക് നേത്ര പരിശോധന ക്യാമ്പ് പഞ്ചായത്ത് പ്രസിഡന്റ് വി ആർ സരള ക്യാമ്പ് ഉദ്ഘാടനം ചെയ്തു***

# റിങ് ഓഫ് ഫയർ - സൂര്യഗ്രഹണം കാണാൻ ജില്ലയിലെ സ്കൂളുകൾ ഒരുങ്ങുന്നു

ഡിസംബർ 26 ന് നടക്കുന്ന വലയസൂര്യഗ്രഹണത്തിന്റെ ശാസ്ത്രീയ വിശകലനത്തിനും ഗ്രഹണം കാണുന്നതിന് സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രവും വിജ്ഞാൻ സാഗറും സംയുക്തമായി നടത്തിയ ഏകദിന ശില്പശാല (റിംഗ് ഓഫ് ഫയർ) ജില്ലയിലെ അധ്യാപക വിദ്യാർത്ഥികൾക്ക് പുതുമയുള്ള അനുഭവമായി. രാമവർമപുരത്തുള്ള വിജ്ഞാൻ സാഗറിലാണ് ശില്പശാല നടത്തിയത്. തൃശ്ശൂർ ഡയറ്റ് പ്രിൻസിപ്പൽ ഡോ. അബ്ബാസ് അലി അധ്യക്ഷനായ യോഗത്തിൽ വിജ്ഞാൻ സാഗർ ഡയറക്ടർ ഡോ. ഡയസ് കെ ആർ ഉദ്ഘാടനം നിർവഹിച്ചു. ശ്രീമതി മിനി ചെറിയാൻ (സീനിയർ ലക്ചറർ), ഡോ. എം ശ്രീകല (സീനിയർ ലക്ചറർ), ഡോ. ശ്രീജ. സി (സീനിയർ ലക്ചറർ), ഡോ. ഗോവിന്ദൻകുട്ടി, ശ്രീ. രത്നകുമാർ, നിവേദ് കെ. ആർ., ജിഷ്ണു എന്നിവർ സംസാരിച്ചു. ടെക്നിക്കൽ ഓഫീസർ ശ്രീജിത്ത് പി. എസ്., വി വി കെ എം എം എൽ പി എസിലെ പ്രധാന അധ്യാപകൻ മോഹൻദാസ് കെ. വി. എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ഗ്രഹണം എന്ന പ്രപഞ്ച പ്രതിഭാസത്തെ നമ്മുടെ പൂർവ്വികർ എങ്ങനെ സമീപിച്ചു എന്നും ശാസ്ത്രീയ ധാരണകളും കണ്ടുപിടിത്തങ്ങളും ഗ്രഹണത്തെ എത്രത്തോളം വസ്തുനിഷ്ഠമായി പഠിക്കാൻ അവസരമൊരുക്കി എന്നും ചർച്ച ചെയ്തു.

ജില്ലയിലെ മുഴുവൻ അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും തിരഞ്ഞെടുത്തവർ പങ്കെടുത്ത ശില്പശാലയിൽ എല്ലാവരും സൂര്യഗ്രഹണം കാണാൻ സഹായിക്കുന്ന കണ്ണടകൾ നിർമിക്കുകയും അതുപയോഗിച്ച് സൂര്യനെ നോക്കുകയും ചെയ്തു. ചന്ദ്രന്റെ നിഴൽ എന്നതിലുപരി സൂര്യഗ്രഹണത്തിൽ സവിശേഷമായി ഒന്നുമില്ലെന്ന് ഈ ശില്പശാലയിലൂടെ തുറന്നുകാട്ടി. ശാസ്ത്രീയ പ്രതിഭാസങ്ങളെ അന്ധവിശ്വാസങ്ങളുമായി കൂട്ടിക്കുഴയ്ക്കുന്ന വർത്തമാന സാഹചര്യത്തിൽ, അധ്യാപക വിദ്യാർത്ഥികളിലൂടെ ശാസ്ത്രാവബോധം വളർത്താനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കിയിട്ടുണ്ട്. കൈറ്റിന്റെ സഹായത്തോടെ തയ്യാറാക്കിയ വീഡിയോ ഡോക്യുമെന്റേഷൻ എല്ലാ വിദ്യാലയങ്ങളിലേക്കും എത്തിക്കാനുള്ള നടപടികൾ ആരംഭിച്ചു.